No. CC8808

# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ടർബോ പ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 33
ഫോൺ - 0471-2307263, ഫാക്സ് : 0471-2307490
ഇ-മെയിൽ - hrckeralatvm@gmail.com

04 JUL 2018

HRMP No. 425/18/TSR തീയതി : 04/07/18

പ്രേക്ഷിതൻ

രജിസ്ട്രാർ
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

സ്വീകർത്താവ്
ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്
വികാസ് ഭവൻ,
തിരുവനന്തപുരം.

സർ,

വിഷയം : എച്ച് ആർ.എം. പി. നം. 425/18/TSR ഉത്തരവ് ~~ഹർജി~~ അയയ്ക്കുന്നത് സംബന്ധിച്ച്

മുകളിൽ പരാമർശിച്ച ഹർജിയിൽ, കമ്മീഷന്റെ 03/07/18 തീയതിയിലെ ഉത്തരവിന്റെ ~~/നടപടിക്രമത്തിന്റെ~~ ഒരു പകർപ്പ് അനുസരിക്കുന്നതിന്/ഉചിതമായ നടപടിക്ക്~~/റിപ്പോർട്ടിന്/അറിവിലേയ്ക്ക്~~ ഇതിനാൽ അയയ്ക്കുന്നു.

വിശ്വസ്തതയോടെ

For രജിസ്ട്രാർ

KERALA STATE HUMAN RIGHTS COMMISSION Thiruvananthapuram 695033

ഉള്ളടക്കം :- ഉത്തരവിന്റെ പകർപ്പ് + പരാതിയുടെ പകർപ്പ് + സാമൂഹ്യ നീതി ഓഫീസറുടെ റിപ്പോർട്ടിന്റെ പകർപ്പ്

## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ശ്രീ. കെ. മോഹൻകുമാർ
ബഹു. അംഗം

### എച്ച്.ആർ.എം.പി നമ്പർ 425/18/TSR

പരാതിക്കാരൻ : ശ്രീ. യദുരാജ് ഇ.ആർ
എടത്തിപ്പറമ്പിൽ ഹൗസ്,
ചാപ്പാറ ജംഗ്ഷന് വടക്ക്, പുല്ലൂറ്റ് പി.ഒ.
കൊടുങ്ങല്ലൂർ, തൃശൂർ.

### ഉത്തരവു തീയതി 2018 ജൂലൈ 3 (1193 മിഥുനം 19)

അമ്മ കൊല്ലപ്പെട്ടതിനാലും അച്ഛൻ ശിക്ഷിക്കപ്പെട്ട് നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ആയതിനാലും, പ്രായപൂർത്തിയാകാത്ത പരാതിക്കാരൻ ഉൾപ്പെടെയുള്ള സഹോദരങ്ങളെ സംരക്ഷിച്ചു പോന്നിരുന്നത് മുത്തച്ഛനായ മുരളീധരൻ (65വയസ്സ്) ആയിരുന്നു. 13-6-2017 പകൽ 2.30 മണിക്ക് ഇരിങ്ങാലക്കുട-കൊടുങ്ങല്ലൂർ പബ്ലിക് റോഡിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മുരളീധരന് പരിക്കേറ്റ്, തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കേ 27-6-2017-ന് മരണപ്പെട്ടെന്നും, പകൽ നടന്ന അപകടത്തിലെ പ്രതിയെ പോലീസ് അനാസ്ഥ കാരണം പിടികൂടുന്നില്ലെന്നും CCTV, മൊബൈൽടവർ കേന്ദ്രമാക്കി അന്വേഷിച്ചിരുന്നെങ്കിൽ ഫലമുണ്ടായേനെയെന്നും വാഹനം കണ്ടെത്തിയില്ലെന്നും പ്രതിയെക്കുറിച്ച് വിവരം ലഭ്യമല്ലാത്തതിനാൽ നഷ്ടപരിഹാരക്കേസ് കൊടുക്കാനാവുന്നില്ലെന്നും ജീവിതം ദുരിതത്തിലായെന്നും പരാതിയിലുണ്ട്.

രോഗിയായ അമ്മൂമ്മ തങ്കയുടെയും തങ്ങളുടെയും വിദ്യാഭ്യാസവും സംരക്ഷണവും സർക്കാർ ഏറ്റെടുക്കണമെന്നും വാഹനാപകട കേസ് ക്രൈംബ്രാഞ്ചിന് വിടാൻ നിർദ്ദേശമുണ്ടാകണമെന്നും ബഹു. മുഖ്യമന്ത്രിക്കും ഡി.ജി.പി.ക്കും ഇതു സംബന്ധിച്ച് കത്തുകളയച്ചിട്ടുണ്ടെന്നും പരാതിയിലുണ്ട്.

കൊടുങ്ങല്ലൂർ എസ്.എച്ച്.ഒ.യുടെ റിപ്പോർട്ടിൽ ക്രൈം 1217/18 ആയി കേസ് എടുത്തിട്ടുണ്ടെന്നും പരിക്കേറ്റയാൾ മരണപ്പെട്ടതിനെത്തുടർന്ന് grave crime

പട്ടികയിൽപ്പെടുത്തി അന്വേഷണം പോലീസ് ഇൻസ്പെക്ടർ നടത്തിവരവേ തൃശൂർ റേഞ്ച് ഐ.ജി.യുടെ 24-01-2018-ലെ ഉത്തരവനുസരിച്ച് ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പിയെ കേസ് ഏല്പിച്ചിട്ടുള്ളതാണെന്നും കാണുന്നു.

പരാതിക്കാരന്റെയും കുടുംബത്തിന്റെയും പ്രത്യേക ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്ത് കമ്മീഷൻ തൃശൂർ ജില്ലാ സാമൂഹികനീതി ഓഫീസറിൽ നിന്ന് റിപ്പോർട്ട് തേടുകയുണ്ടായി.

അമ്മ കൊല്ലപ്പെട്ട കേസിൽ ശിക്ഷിക്കപ്പെട്ട് അച്ഛൻ ജയിലിലാണെന്നും വാടകയ്ക്ക് താമസിക്കുന്ന കുടുംബമാണെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും അച്ഛന്റെ അമ്മയായ തങ്കയ്ക്ക് വാർദ്ധക്യസഹജമായ അസുഖമായതിനാൽ പുറം പണികൾക്ക് പോകാനാവില്ലെന്നും കുട്ടികളുടെ വിദ്യാഭ്യാസ ചെലവും കുടുംബച്ചെലവും നടത്താനാകാത്ത സ്ഥിതി ഉണ്ടെന്നും മൂത്ത സഹോദരൻ മിഥുൻരാജ് (21) കൂലിപ്പണി ചെയ്തുകിട്ടുന്ന വരുമാനമാണാകെ ഉള്ളതെന്നും രണ്ടാമത്തെ കുട്ടി (18) പാരലൽ കോളേജിൽ +1 അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും പരാതിക്കാരൻ പഠനം നിർത്തി വീട്ടിലാണെന്നും പറയുന്നു.

ഈ കുടുംബത്തിന്റെ സംരക്ഷണവും വിദ്യാഭ്യാസച്ചെലവും സർക്കാർ ഏറ്റെടുത്താൽ ഏറ്റവും അർഹമായ സഹായമാകുമെന്ന് റിപ്പോർട്ടിലുണ്ട്.

നിർഭാഗ്യകരമായ ജീവിതാവസ്ഥയിൽ അച്ഛനമ്മമാരുടെ സംരക്ഷണം നഷ്ടപ്പെട്ട കുട്ടികൾക്ക് ആശ്രയമായിരുന്ന അപ്പൂപ്പനാണ് വാഹനാപകടത്തിൽ മരിച്ചത്. സർക്കാരിൽ നിന്ന് വാഹനാപകടത്തെ തുടർന്ന് എന്തെങ്കിലും സമാശ്വാസം ലഭിച്ചതായി പരാതിയിലോ പോലീസ് ഇൻസ്പെക്ടർ, സാമൂഹിക നീതി ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകളിലോ ഇല്ല.

ആശ്രയമറ്റ ഈ കുടുംബത്തിന്റെ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസ ച്ചെലവ് എന്നിവ ഏറ്റെടുക്കുന്നത് അർഹമായ സഹായമായിരിക്കുമെന്ന് ജില്ലാ സാമൂഹിക നീതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുടുംബം സംരക്ഷിക്കേണ്ട അച്ഛനും അമ്മയും അപ്പൂപ്പനും നഷ്ടപ്പെട്ട് വരുമാനമൊന്നുമില്ലാതെ വാടകവീട്ടിൽ കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസവും

വൃദ്ധയുടെ സംരക്ഷണവും കുടുംബത്തിന്റെ ജീവിക്കാനുള്ള അവകാശവും സംരക്ഷിക്കാൻ സർക്കാർ നടപടി അനിവാര്യമാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

തൃശൂർ ജില്ലാ കളക്ടർക്ക് പരാതിയുടെയും ജില്ലാ സാമൂഹികനീതി ഓഫീസറുടെ റിപ്പോർട്ടിന്റെയും പകർപ്പുകൾ ഉത്തരവിനൊപ്പം അടിയന്തിര നടപടിയ്ക്കായി അയച്ചുകൊടുക്കുക.

കൊടുങ്ങല്ലൂർ ക്രൈം 1217/18-ന്റെ അന്വേഷണ പുരോഗതി തൃശൂർ റേഞ്ച് ഐ.ജി. വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉത്തരവും പരാതിയും തൃശൂർ റേഞ്ച് ഐ.ജി.ക്ക് അയച്ചുകൊടുക്കുക.

ഉത്തരവിന്റെയും പരാതിയുടെയും സാമൂഹികനീതി ഓഫീസറുടെ റിപ്പോർട്ടിന്റെയും പകർപ്പുകൾ സംസ്ഥാന സാമൂഹികനീതി ഡയറക്ടർ, സാമൂഹിക നീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എന്നിവർക്കും അറിവിനും തുടർനടപടികൾക്കുമായി ബഹു. സാമൂഹികനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കും അയച്ചുകൊടുക്കുക.

ഒപ്പ്/-
കെ. മോഹൻകുമാർ
അംഗം
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

//ശരിപകർപ്പ്//

രജിസ്ട്രാർ

KERALA STATE HUMAN RIGHTS COMMISSION
Thiruvananthapuram
695 033